I/93564/2023

**<u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം –തിരുവനന്തപുരം – സാങ്കേതികവിഭാഗം – പത്തനംതിട്ട ജില്ല – പത്തനംതിട്ട നഗരസഭ - പത്തനംതിട്ട വില്ലേജ് കൊമേഴ്സ്യൽ കം റെസിഡൻഷ്യൽ കെട്ടിട നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- പത്തനംതിട്ട ജില്ലാ ടൗൺ പ്ലാനറുടെ 10/03/2023, 20/06/2023 എന്നീ തീയതികളിലെ TCPPTA/92/2023-C നമ്പർ കത്തുകൾ.

=================================================================

<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>

ഉത്തരവ്. നം. LSGD/PD/23677/2023-TCPA2 തീയതി:09-10-2023

=================================================================

പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട നഗരസഭ പരിധിയിലുള്ള പത്തനംതിട്ട വില്ലേജിൽ സർവ്വേ നമ്പർ 197/8-1-1-ൽ ഉൾപ്പെട്ട 2.57 ആർ സ്ഥലത്ത് 289 ച.മീ വിസ്തീർണ്ണമുള്ള കൊമേഴ്സ്യൽ കം റസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.ജിത്ത്.പി.എസ്, അശ്വതി ഭവൻ, മുരുക്കുംമൂട്, കായംകുളം, ആലപ്പുഴയുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി ഡീറ്റൈൽഡ് ടൗൺപ്ലാനിംഗ് സ്കീം ഫോർ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡ് ആൻഡ് സറൗണ്ടിംഗ്സ്, പത്തനംതിട്ട ടൗൺ പ്രകാരം കൺകറൻസ്, അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/ എൻ.ഒ.സി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ ഒക്കുപ്പൻസി നൽകുവാൻ പാടുള്ളൂ. (KMBR 2019 ലെ ചട്ടം 5(4) കാണുക).
2. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ (KMBR 2019) ലെ ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം, നിർദ്ദിഷ്ട നിർമ്മാണസ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്നും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം. അപേക്ഷകന്റെ വക തുടർച്ചയായി വരുന്ന മുഴുവൻ സ്ഥലവും സൈറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തണം. പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ അളവുകളും വിശദാംശങ്ങളും ഉറപ്പു വരുത്തണം.

3. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 (KMBR-2019) ചട്ടം 5 (6) (C) യിലെ ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് കൺകറൻസ് അംഗീകാരം നൽകുന്നത് എന്നതിനാൽ പ്രസ്തുത നിർമ്മാണം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KMBR-2019)-ലെ മറ്റ് ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമാണെന്ന് മുനിസിപ്പൽ സെക്രട്ടറി ഉറപ്പു വരുത്തിയിരിക്കണം.

4. പ്ലോട്ട്, റോഡ് ലെവലിലേക്കു എത്തിക്കുമ്പോൾ ചേർന്ന പ്ലോട്ടുകളുടെ സംരക്ഷണത്തിനായി റീറ്റെയ്നിങ് വാളുകൾ ഉൾപ്പെടെ നൽകണം എന്നും നിർമ്മാണ സമയത്തു സുരക്ഷ, അപേക്ഷകൻ രജിസ്റ്റേർഡ് എഞ്ചിനീയർ എന്നിവർ ഉറപ്പാക്കിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signed by
Famidha Yoosaf.m
Date: 09-10-2023 12:36:03 ഫമിദാ യൂസഫ്.എം
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

മുനിസിപ്പൽ സെക്രട്ടറി, പത്തനംതിട്ട
പകർപ്പ്:-

1. ശ്രീ.ജിത്ത്.പി.എസ്, അശ്വതി ഭവൻ, മുരുക്കുംമൂട്, കായംകുളം, ആലപ്പുഴ
2. ജില്ലാ ടൗൺപ്ലാനർ, പത്തനംതിട്ട
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം